"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് - സുരക്ഷാ സ്വയം തൊഴിൽ പദ്ധതി - വായ്പാ ഇനത്തിൽ അധികധനാനുമതി വഴി അനുവദിക്കപ്പെട്ട തുക പിൻവലിച്ച് വിനിയോഗിക്കുന്നതിനായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് നല്കുന്നതിന് ലേബർകമ്മീഷണർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്**

**സ.ഉ.(സാധാ) നം.98/2021/തൊഴിൽ** തീയതി,തിരുവനന്തപുരം, 17/01/2021

പരാമർശം:- 1 30/01/2019-ലെ സ.ഉ.(കൈ) 06/2019/നി.വ. നമ്പർ ഉത്തരവ്

2 29/04/2020-ലെ സ.ഉ.(സാധാ) 469/2020/തൊഴിൽ നമ്പർ ഉത്തരവ്.

3 23/12/2020-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ സി/79/2018 നമ്പർ കത്ത്.

4 05/01/2021-ലെ സ.ഉ.(സാധാ) 115/2021/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

2014-15-ലെ മദ്യനയത്തെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സുരക്ഷാസ്വയംതൊഴിൽപദ്ധതി ആവിഷ്ക്കരിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നതിന്റെ അടിസ്ഥാനത്തിൽ 2230-01-103-83-02 (NP) എന്ന ശീർഷകത്തിൽ 3 കോടി രൂപ വിനിയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. സുരക്ഷാ സ്വയം തൊഴിൽ പദ്ധതി സംബന്ധിച്ചുള്ള 26 അപേക്ഷകരിൽ 25 അപേക്ഷകർക്ക് 3 ലക്ഷം രൂപാ വീതം 75 ലക്ഷം രൂപയും ഒരു അപേക്ഷകന് പ്രൊജക്റ്റ് തുകയായ 2.50 ലക്ഷം രൂപയും ചേർത്ത് 77,50,000/- രൂപാ വായ്പാ ഇനത്തിലും ഭരണചെലവുകൾക്കായി ടി ചെലവുകളുടെ 10ശതമാനമായ 7.75ലക്ഷം രൂപയും ചേർത്ത് മേൽ പരാമർശിത 3 കോടി രൂപയിൽ നിന്നും അധികധനാനുമതി വഴി 85,25,000/-രൂപ അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4)-ലെ ഉത്തരവ് പ്രകാരം 2230-01-103-83-(02) Punarjani 2030 Rehabilitation of Bar Hotel Workers rendered jobless consequent on Abkari Policy 2014-15 (Non Plan-voted) എന്ന ശീർഷകത്തിൽ സുരക്ഷാ സ്വയം തൊഴിൽ പദ്ധതി വായ്പാ ഇനത്തിൽ അധികധനാനുമതി വഴി 77,50,000/-രൂപ (എഴുപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപാ മാത്രം) അനുവദിക്കുകയുണ്ടായി. ആയതിൻ പ്രകാരം 2230-01-103-83-02 (NP) എന്ന ശീർഷകത്തിൽ സുരക്ഷാ സ്വയംതൊഴിൽ പദ്ധതി വായ്പാ ഇനത്തിൽ അധികധനാനുമതി വഴി അനുവദിച്ചിട്ടുള്ള തുകയായ 77,50,000/-രൂപ (എഴുപത്തിയേഴ് ലക്ഷത്തി അൻപതിനായിരം രൂപാ മാത്രം) പിൻവലിച്ച് വിനിയോഗിക്കുന്നതിനായി, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് നല്കുന്നതിന്, ലേബർ കമ്മീഷണർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. അധികമായി വകയിരുത്തിയ മേൽ തുക , സുരക്ഷാ സ്വയം തൊഴിൽ പദ്ധതിക്കായി സൂചന 4 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം മാത്രം വിനിയോഗിക്കേണ്ടതാണ്. ടി തുക , ഗ്രാന്റിനുള്ളിൽ നിന്നുകൊണ്ടുള്ള റീഅപ്രോപ്രിയേഷൻ വഴി , ഈ സാമ്പത്തിക വർഷം തീരുന്നതിനു മുൻപായി ക്രമീകരിക്കാനുള്ള നടപടികൾ കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്. പദ്ധതിയുടെ ഭരണചെലവുകൾ സംബന്ധിച്ച് കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിനുണ്ടാകുന്ന ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം..

നികുതി (ജി) വകുപ്പ്

ധനകാര്യ (തൊഴിൽ) വകുപ്പ് (12/01/2021-ലെ LBR2/337/2019/Fin നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വിവര-പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

സംഭരണ ഫയൽ/ഓഫീസ് കോപ്പി.

Signature valid
ഉത്തരവിൻ പ്രകാരം
Digitally signed by
ASWATHI K S
Date: 2021.01.18
11:32:50 IST
സെക്ഷൻ ഓഫീസർ
Reason: Approved

പകർപ്പ്-തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്